**No. P 13/15**

സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കുസ്തുതി)
അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരി.പത്രോസിന്റെ അപ്പോസ്തോലിക സിംഹാസനത്തിൻ കീഴിലുള്ള
യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ കാതോലിക്കയും മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമായ
ബസ്സേലിയോസ് തോമസ് പ്രഥമൻ

പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ നമ്മുടെ സഹോദര മെത്രാപ്പോലീത്താമാർക്കും, എല്ലാ പള്ളികളിലെയും ബഹു.വികാരിമാർക്കും, സഹവികാരിമാർക്കും, കൈക്കാരന്മാർക്കും, കമ്മറ്റിക്കാർക്കും, ഭക്തസംഘടനാപ്രവർത്തകർക്കും, ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യമക്കൾക്കും കർത്താവിൽ വാഴ്വ്.

**പ്രിയരെ സസ്നേഹം അറിയിക്കുന്നത്,**

പരി.സഭ ലോകത്തിന്റെ എല്ലാഭാഗത്തും അതിവേഗം വളർന്ന് വികസിച്ച് വരുന്നതിൽ ദൈവത്തെ നമുക്ക് വിനയത്തോടെ മഹത്വപ്പെടുത്താം. അപ്പോൾതന്നെ സഭയുടെ ദൈനംദിന ചെലവുകൾ വർദ്ധിച്ച് വരുകയാണ്. സഭയുടെ ഏകവരുമാന മാർഗ്ഗമായ സഭാദിന കവർപിരിവ് മുൻവർഷങ്ങളിലേക്കാൾ അനുഗ്രഹകരമാക്കിതീർക്കുവാൻ നിങ്ങൾ ഓരോരുത്തരും കരുതൽ ഉള്ളവരായിരിക്കണം. നമ്മുടെ ഇടവകയിലെ എല്ലാ ഭവനങ്ങളും അതിൽ ഭാഗഭാക്കാകുവാൻ ശ്രദ്ധിക്കുകയും ചെയ്യണം. *"എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിന്നു നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവിൻ. ഞാൻ നിങ്ങൾക്കു ആകാശത്തിന്റെ കിളിവാതിലുകളെ തുറന്നു, സ്ഥലം പോരാതെ വരുവോളം നിങ്ങളുടെ മേൽ അനുഗ്രഹം പകരുകയില്ലയോ? എന്നിങ്ങനെ നിങ്ങൾ ഇതിനാൽ എന്നെ പരീക്ഷിപ്പിൻ എന്നു സൈന്യങ്ങളുടെ യഹോവ അരുളി ചെയ്യുന്നു"* (മലാഖി 3: 10) എന്ന ദൈവതിരുവചനം നാം ഇവിടെ ഓർമ്മപ്പെടുത്തുന്നു. കുടുംബ യൂണിറ്റ് വഴിയും ഭക്തസംഘടനകൾ വഴിയും ഇടവകയിലെ എല്ലാ ഭവനങ്ങളിലും സഭാദിന കവറുകൾ എത്തിച്ച് പരി.സഭയ്ക്കുള്ള ഓഹരി ലഭിക്കത്തക്കവിധം ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുകൊള്ളണം. പരി.സഭയ്ക്ക് ഓഹരി നൽകാത്ത കുടുംബങ്ങളെ സഭാംഗങ്ങളായി കാണുവാൻ കഴിയുകയില്ലെന്ന പരി.സുന്നഹദോസിന്റെ തീരുമാനം ആവർത്തിച്ച് നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

മലങ്കരയുടെ പ്രകാശ ഗോപുരമായിരുന്ന ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 19-ാം മത് അനുഗ്രഹീത ശ്രാദ്ധ പെരുന്നാൾ 2015 ആഗസ്റ്റ് 31, സെപ്റ്റംബർ 1 തീയതികളിൽ പൂർവ്വാധികം ഭംഗിയായി നിറവേറ്റുവാൻ തക്കവണ്ണം പ്രാർത്ഥനയോടെ ഒരുങ്ങുകയാണ്. ഇതു സംബന്ധിച്ചുള്ള ക്രമീകരണങ്ങളും, പരിപാടികളും ബാവായുടെ കബറിടം സ്ഥിതി ചെയ്യുന്ന മലേക്കുരിശ് ദയറായിൽ നിന്നും, പത്രമാധ്യമങ്ങൾ വഴിയും നിങ്ങൾക്ക് ലഭിക്കുന്നതാണ്. ബാവായുടെ അനുഗ്രഹീത ശ്രാദ്ധ പെരുന്നാളിൽ സഭയിലെ എല്ലാ ബഹു. പള്ളികളും, കുടുംബങ്ങളും സഹകരിച്ച് അതിൽ പങ്കു ചേരുകയും പ്രത്യേകിച്ച് ബാവായുടെ ഓർമ്മ പ്രമാണിച്ച് നടത്തപ്പെടുന്ന തീർത്ഥയാത്രയിലും സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കാൻ കരുതിക്കൊള്ളണം.

**വീണ്ടും പ്രിയരെ,**

2015 മെയ് മാസം 18,19 തീയതികളിൽ കൂടിയതായ പരി. സഭയുടെ വാർഷിക സുന്നഹദോസിൽ പരി.സഭയിലെ എല്ലാ മെത്രാപ്പോലീത്തമാരും പങ്കെടുക്കുകയും പരി.സഭയെ സംബന്ധിച്ചുള്ള സുപ്രധാനമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളത് No. P 11/15-ാം കല്പനയിലൂടെ നാം നിങ്ങളെ അറിയിച്ചിരുന്നല്ലോ. നമ്മുടെ ഇടവകകളിലെ പെരുന്നാളുകളും ആഘോഷങ്ങളും അനുഗ്രഹകരമായി നടത്തപ്പെടുമ്പോൾ തന്നെ അനാവശ്യമായ ചെലവുകൾ ഒഴിവാക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണെന്ന് പരി.സുന്നഹദോസ് വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പെരുന്നാൾ ചെലവുകൾ കുറയ്ക്കുകയും, പെരുന്നാളിനോടനുബന്ധിച്ച് നടത്താറുള്ള നേർച്ചസദ്യയിൽ മാംസാഹാരം പൂർണ്ണമായും ഒഴിവാക്കണമെന്ന് പരി.സുന്നഹദോസ് തീരുമാനിച്ചിട്ടുള്ളത് ഒരിക്കൽക്കൂടി നാം നിങ്ങളെ ഓർമ്മപ്പെടുത്തുന്നു. പരി.സുന്നഹദോസിന്റെ തീരുമാനങ്ങൾ അനുസരിക്കുവാൻ നമുക്ക് ഓരോരുത്തർക്കും ഉത്തരവാദിത്വമുണ്ട് . അതിന് വിരുദ്ധമായി ഏതെങ്കിലും പള്ളികൾ പ്രവർത്തിക്കുന്നുവെങ്കിൽ അവിടങ്ങളിലേയ്ക്ക് ബലഹീനനായ എന്നെയോ, അഭിവന്ദ്യരായ മെത്രാപ്പോലീത്തമാരെയോ പെരുന്നാളുകൾക്ക് ക്ഷണിക്കേണ്ടതില്ല എന്ന് ഇതിനാൽ നാം അറിയിച്ചുകൊള്ളുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടേയും, സകല പരിശുദ്ധന്മാരുടേയും, ശുദ്ധിമതികളുടേയും, പ്രത്യേകാൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെയും, ഇന്ത്യയുടെ കാവൽ പിതാവായ മോർ തോമാശ്ലീഹായുടേയും പ്രാർത്ഥനകളാൽതന്നെ, ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ......................

ദൈവം അനുഗ്രഹിക്കട്ടെ

പുത്തൻകുരിശ്
പാത്രിയർക്കാ സെന്ററിൽ നിന്നും,
2015 ജൂലൈ മാസം 28-ാം തീയതി

**ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ**

JSC News